# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ :ഷീബ ജോർജ്ജ് IAS)**

തിരുവനന്തപുരം

ഉത്തരവ് നം: SJD/100860/2019-E3 — തീയതി: 04/01/2021

---

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - മെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജി.ഒ (പി) നം.54/2010/SJD തീയതി 10.08.2010

2. സാമൂഹ്യനീതി ഡയറക്ടറുടെ 22.12.2020 ലെ SJD/100860/2019-E3 നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരമുള്ള വിശേഷാൽ ചട്ട പ്രകാരം മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം സാമൂഹ്യനീതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള യോഗ്യരായ ജീവനക്കാരിൽ നിന്നും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റ നിയമനത്തിന് ഓപ്ഷൻ ക്ഷണിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. വകുപ്പിൽ ഫീമെയിൽ അറ്റൻഡന്റ് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. മെയിൽഅറ്റൻഡന്റ് തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് മെയിൽ അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ.നം. | ജീവനക്കാരുടെ പേര് | തസ്തിക | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ .ന. (SJD/100860/2019-E3 തീയതി.22.12.2020) |
|---|---|---|---|
| 1. | പ്രദീപ്കുമാർ കൊയോൺ | കുക്ക് | 1 |
| 2. | തുളസീദാസ്.വി | നൈറ്റ് വാച്ച്മാൻ | 2 |

ഈ സാഹചര്യത്തിൽ മേൽപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 02 ജീവനക്കാർക്ക് മെയിൽ അറ്റൻഡന്റ് തസ്തികയിൽ 17000 - 37500 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗകയറ്റം KS&SSR ചട്ടം 28 പ്രകാരം അനുവദിച്ച് ചുവടെ പറയും പ്രകാരം നിയമനം

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ.നം. | ജീവനക്കാരുടെ പേര് ,തസ്തിക,നിലവിൽ ജോലി നോക്കുന്ന കാര്യാലയം | തസ്തിക,ഉദ്യോഗകയറ്റ തസ്തികയിൽ നിയമനം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | പ്രദീപ്കുമാർ കൊയോൺ<br>കുക്ക്,<br>പ്രതീക്ഷാഭവൻ,തവനൂർ,മലപ്പുറം | മെയിൽ അറ്റൻഡന്റ്,<br>പ്രതീക്ഷാഭവൻ,തവനൂർ,മലപ്പുറം |
| 2 | തുളസീദാസ്.വി<br>നൈറ്റ് വാച്ച്മാൻ,<br>ഗവ.ഓൾഡ് ഏജ് ഹോം,<br>മലപ്പുറം | മെയിൽ അറ്റൻഡന്റ്,<br>ഗവ.കെയർ ഹോം<br>തിരുവനന്തപുരം |

ഉദ്യോഗകയറ്റം ലഭിച്ച ജീവനക്കാർക്ക് മെയിൽ അറ്റൻഡന്റ് തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ 2 വർഷത്തെ തുടർച്ചയായ സേവന കാലയളവിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും , ജീവനക്കാർ ഉടൻപ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും.ജീവനക്കാരുടെ വിടുതൽ /പ്രവേശനം എന്നിവ സംബന്ധിച്ച വിവരം ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(ഒപ്പ്)**
**സാമൂഹ്യനീതി ഡയറക്ടർ**

1)ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖേന)
2..ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**